(ബി&സി) ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടിയാണ് കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽനിന്നും ധനഹായം ലഭിക്കുന്നത്. ആയതിനാൽ ചേർത്തല നഗരസഭാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കുടിവെള്ളമെത്തിക്കുന്നതിന് ടി ഇുക വിനിയോഗിക്കാൻ അനുമതി ലഭിക്കുകയില്ല.

കുടിവെള്ള പദ്ധതിക്കായുള്ള വികസന പ്രവർത്തനങ്ങൾ

170 (4973) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കുടിവെള്ള പദ്ധതിക്കായി എന്തൊക്കെ വികസന പ്രവർത്തനങ്ങൾ എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ എത്ര ഡൊമസ്റ്റിക് കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട് ; ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I-ൽ നൽകിയിട്ടുണ്ട്.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോകബാങ്ക് സഹായത്തോടെയുള്ള രണ്ടാം കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി-II) ജലനിധി നടപ്പിലാക്കിവരുന്നു.

ജലനിധി -IIപദ്ധതിയുടെ ബാച്ച് ഒന്നിലെ 20 ഗ്രാമപഞ്ചായത്തുകളിലും ബാച്ച് രണ്ടിലെ 62 ഗ്രാമപഞ്ചായത്തുകളിലും മൾട്ടി ജി.പി. പദ്ധതിയായി 12 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 21 ഗ്രാമ പഞ്ചായത്തുകൾ ബാച്ച് 3 പദ്ധതിയ്ക്കായി കെ.ആർ.ഡബ്ല്യു.എസ്.എ. യുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. ബാച്ച് ഒന്നിൽ ചെറുതും വലുതുമായ 462 കുടിവെള്ള പദ്ധതികളും രണ്ടാം ബാച്ചിൽ ഏകദേശം 1219 പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവയ്ക്കു പുറമെ 12 ഗ്രാമപഞ്ചായത്തുകളിലായി 3 മൾട്ടി പഞ്ചായത്ത് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ജലനിധി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം II-ആയി ചേർക്കുന്നു.*

ഭൂജല വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

നമ്പർ	ജില്ല	എണ്ണം
1	തിരുവനന്തപുരം	74721
2	കൊല്ലം	31336
3	പത്തനംതിട്ട	18870
4	ആലപ്പുഴ	58951
5	കോട്ടയം	23675
6	ഇടുക്കി	4771
7	എറണാകുളം	95508
8	തൃശ്ശൂർ	55616
9	പാലക്കാട്	30332
10	മലപ്പുറം	23244
11	കോഴിക്കോട്	14436
12	വയനാട്	4710
13	കണ്ണൂർ	24965
14	കാസർഗോഡ്	4962

ജലനിധി നൽകിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു :

നമ്പർ	ജില്ല	പദ്ധതികൾ	എണ്ണം
(1)	(2)	(3)	(4)
1	തിരുവനന്തപുരം	23	1177
2	പത്തനംതിട്ട	18	10639

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
3	കോട്ടയം	158	1468
4	ഇടുക്കി	83	3153
5	കോഴിക്കോട്	80	3966
6	മലപ്പുറം	18	1858
7	പാലക്കാട്	35	1692
8	തൃശ്ശൂർ	3	257
9	കണ്ണൂർ	68	4018
10	കാസർഗോഡ്	67	4600
11	വയനാട്	73	4218
	ആകെ	626	37046

മല്ലപ്പള്ളി- ആനിക്കാട് ശുദ്ധജല വിതരണ പദ്ധതി

171 (4974) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മല്ലപ്പള്ളി - ആനിക്കാട് ശുദ്ധജലവിതരണ പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ പണി എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ പറ്റുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മല്ലപ്പള്ളി-ആനിക്കാട് ശുദ്ധജലവിതരണ പദ്ധതിയുടെ അടങ്കൽ തുക 798 ലക്ഷം രൂപയാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത പദ്ധതി 3/2017-ൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly